കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ കുളത്തുമ്മൽ വില്ലേജിലെ ബ്ലോക്ക് 8-ൽ റീസർവ്വേ 225/1-ൽ ഉൾപ്പെട്ട 52.56 ആർ വസ്തു വാങ്ങി ശ്രീ. പൊന്നറ ശ്രീധരന്റെ നാമധേയത്തിൽ ടൗൺ ഹാൾ നിർമ്മിക്കുന്നതിനായി തുക കൈമാറുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർസി) വകുപ്പ്**

സ.ഉ.(കൈ) നം. 84/2021/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 29/03/2021

---

പരാമർശം : 1. 03/12/2007- ലെ സ.ഉ(കൈ)നം.280/2007/ത.സ്വ.ഭ.വ

2. 23/10/2020 ലെ PAN/7681/2020- C7(DP) നമ്പർ കത്ത്.

3. 05/02/2021 ലെ സ.ഉ.(കൈ)നം.27/2021/ത.സ്വ.ഭ.വ

4. 19/02/2021 ലെ സ.ഉ.(സാധാ)നം.1573/2021/ധന

5. 23/02/2021 ലെ സ.ഉ.(കൈ)നം.62/2021/ത.സ്വ.ഭ.വ

6. 06/03/2021 തീയതിയിലെ ത.സ്വ.ഭ.വ ചീഫ് എഞ്ചിനീയറുടെ എബി.3/ ഡി.ബി1/3939/21/സി.ഇ/എൽ.ഐ.ഡി & ഇ.ഡബ്ല്യൂ. നമ്പർ കത്ത്

7. 26/03/2021 തീയതിയിലെ പഞ്ചായത്ത് ഡയറക്ടറുടെ PAN/7681/2020- C7(DP) നമ്പർ കത്ത്.

<u>ഉത്തരവ്</u>

കാട്ടാക്കട ഗ്രാമപഞ്ചായത്തിന് ശ്രീ. പൊന്നറ ശ്രീധരന്റെ നാമധേയത്തിൽ ടൗൺ ഹാൾ നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ആവശ്യത്തിലേയ്ക്കായി 3,30,16,000/- രൂപ (മൂന്ന് കോടി മുപ്പത് ലക്ഷത്തി പതിനാറായിരം രൂപ മാത്രം) പരാമർശം 4 ഉത്തരവ് പ്രകാരം അഡീഷണൽ ഓതറൈസേഷൻ മുഖാന്തിരം അനുവദിക്കുകയുണ്ടായി. തുടർന്ന്, പരാമർശം 5 പ്രകാരം കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ കുളത്തുമ്മൽ വില്ലേജിലെ ബ്ലോക്ക് 8-ൽ റീസർവ്വേ 225/1-ൽ ഉൾപ്പെട്ട 52.56 ആർ വസ്തു വാങ്ങി ടൗൺ ഹാൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും ഇതിനായി 3,30,16,000/- (മൂന്ന് കോടി മുപ്പത് ലക്ഷത്തി പതിനാറായിരം രൂപ മാത്രം) വിനിയോഗിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവാകുകയുണ്ടായി.

2) പരാമർശം 4 പ്രകാരം അനുവദിച്ച തുകയായ 3,30,16,000/- രൂപ (മൂന്ന് കോടി മുപ്പത് ലക്ഷത്തി പതിനാറായിരം രൂപ മാത്രം), കാട്ടാക്കട ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നതിന് ടി തുകയുടെ നിയന്ത്രണാധികാരിയായ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം.

സെക്രട്ടറി, കാട്ടാക്കട ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, എൽ.ബി.എ & എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (അറിവിലേയ്ക്കായി)
തദ്ദേശസ്വയംഭരണ(ഡി.എ/ഡി.ബി/എഫ്.എം) വകുപ്പ് (ആവശ്യമായ തുടർ നടപടിയ്ക്കായി)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ആർ.സി1/51/2020/ ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ